# ബധിരവിലാപം.

—വള്ളത്തോൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ബധിരവിലാപം.

ഗ്രന്ഥകൎത്താ:

വള്ളത്തോൾ നാരായണമേനോൻ.

---

പ്രസാധകൻ:

കെ. വാസുദേവൻമൂസ്സത്.

(മൂന്നാം പതിപ്പ്)

---

PRINTERS:

THE MANGALODAYAM CO., LTD.,

TRICHUR.

---

൧൦൯൩

Price 2 [വില 2 ണ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മൂന്നാം പതിപ്പിന്റെ

# മുഖവുര.

'ബധിരവിലാപ'ത്തിന്റെ ഉൽപത്തി ഇന്നപ്രകാരത്തിലാണെന്ന് ആരോടും പറഞ്ഞറിയിക്കേണ്ടതില്ല. മഹാകവിക്കു തന്റെ ഇഷ്ടദേവതയായ മഹേശ്വരിയിലുള്ള പരമഭക്തി ഇതിലെ എല്ലാ പദ്യങ്ങളിലും വ്യഞ്ജിക്കുന്നുണ്ട്. പ്രകൃതിയുടെ സൌന്ദര്യത്തിൽ നിരന്തരം രസിക്കുന്ന മഹാകവി തനിക്കേററവും പ്രിയപ്പെട്ട ബാലാലാപം, കോകിലാലാപം മുതലായവയുടെ സുഖമനുഭവിക്കാൻ നിവൃത്തിയില്ലാതായതിനെപ്പററി വിലപിക്കുന്നതു കണ്ടാൽ ഏവരും കരഞ്ഞുപോകും. ഇതിൽ ഉപമ, ഉൽപ്രേക്ഷ മുതലായ സരസാലങ്കാരങ്ങളും, മനോഹരമായ ശബ്ദാൎത്ഥഭംഗിയും, സൎവ്വോപരിയായി തന്മയത്വവും ധാരാളം വിളങ്ങുന്നുണ്ട്. സന്ദൎഭാനുഗുണങ്ങളായ ദേവീസംബുദ്ധികൾ അൎത്ഥാലോചന ചെയ്യുന്ന സഹൃദയന്മാൎക്ക് ഒരമൃതം തന്നെയുമാണ്. മഹാന്മാരുടെ കഷ്ടാനുഭവങ്ങൾപോലും മഹനീയങ്ങളായ ഫലങ്ങളെ ഉളവാക്കുന്നു എന്ന തത്വത്തിന്നുദാഹരണമായ ഈ 'ബധിരവിലാപം' കേരളീയരുടെ ഇടയിൽ ഒരുത്തമസ്തോത്രമായി എന്നും നിലനില്ക്കുന്നതാണ്. ഇതിന്റെ പ്രസാധകത്വം വഹിപ്പാൻ എനിക്കു ഭാഗ്യം സിദ്ധിച്ചതിൽ ഏററവും സന്തോഷമുണ്ടെന്നു പ്രത്യേകം പറഞ്ഞുകൊള്ളുന്നു.

കെ. വി എം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ബധിരവിലാപം.

൧

ഗദകബളിതമെന്റെ കർണ്ണയുഗ്മം
വദനവിഭൂഷണമാത്രമായ്ച്ചമഞ്ഞു;
കദനമിതൊഴിവാക്കുകംബികേ! നിൻ
പദസരസീരുഹദാസനല്ലയോ ഞാൻ?

൨

അഴലിതു വരുവാനൊരജ്ഞനാം ഞാൻ
പിഴ പലതും ബത! ചെയ്തുപോയിരിക്കാം;
അഴകിലവ പൊറുത്തുകൊൾക നീ; ത്വ-
ക്കഴലിണയേ മമ താങ്ങലുള്ളു തായേ!

൩

ശ്രുതിയുടെ പൊരുളെന്ന പുണ്യലോക-
ശ്രുതി കലരും തവ സേവചെയ്യുമീ ഞാൻ
ശ്രുതിവിരഹിതനാകിലുൽക്കടാപ-
ശ്രുതി പുതുതായവിടെയ്ക്കു പാറുമല്ലോ.

൪

വിവിധതരനിരർത്ഥശബ്ദജാലം
ചെവിയിൽ നിറച്ചിതരശ്രവം മുടക്കി,
അവിരതമഴലേകിടുന്നു മേ ദു-
ഷ്കൃതിനിരപോലനിവാര്യമീവികാരം.

Digitized By Kerala Sahitya Akademi

൩

ജ്ജ്വലനമഹഹ! മരുൽപ്രകോപമൂലം
ശ്രുവണചിഹ്ലാതമിതെന്നു വൈദ്യപക്ഷം;
തവ വരുതിയിലുൾപ്പെടാതൊരുത്തൻ
ഭുവനമഹേശി! മരുൽഗണത്തിലുണ്ടോ?

൪

മരുദശനവിഭൂഷണാഢ്യമെയ്യായ്,
മരുദുപസേവിതയായ നിന്നെ നിത്യം
കരുതിവരുമെനിക്കുമദ്രികന്യേ!
മരുദഭിപീഡ പിണഞ്ഞതെത്ര കഷ്ടം!!

൫

*പവനജനി മഹാഗദാഢ്യ,നിക്കു-
ള്ളവനഴൽമാഗധനോടു മല്ലിടുന്നു;
ധ്രുവമിഹ വിജയം ലഭിച്ചുകൊൾവാൻ
ഭവതി തുണയ്ക്കണമച്യുതസ്വസാവേ!

൬

പലതുമിഹ ചികിത്സ ചെയ്തുനോക്കി;
ഫലമതിനില്ലിവനേറിടുന്നു രോഗം;
നലമൊടുടനെനിക്കു നിൻ കടാക്ഷാ-
ഞ്ചലപരമൌഷധമേകിടേണമമ്മേ!

൭

‘വരുമിവനിനി നാളെരാവിലെക്കൊ-
ട്ടൊരു സുഖ’മെന്നിരവിൽക്കിടന്നുറങ്ങും;
അരുണതനലതേ! പുലച്ചുനേരം
പെരുത്തു മനസ്സിടിവാനുണർന്നെണീക്കും

* ഭീമപക്ഷത്തിൽ പവനജനി=വായുപുത്രൻ; മഹാഗദാഢ്യൻ=വലിയ ഗദയുള്ളവൻ

Digitized By Kerala Sahitya Akademi

൧൦

ഇതുവിധമൊരു മൂന്നുനാലുനാളു-
ള്ള, തുലവിഷാദമൊരാണ്ടിലേറെയായ് ഞാൻ
മുതുദുരിതനിമിത്തമാർത്തരക്ഷാ-
ചതുരതരേ! നെറികെട്ടുഴന്നിടുന്നു.

൧൧

കവിയശസി ദുരാശ പൂണ്ടു പൊട്ട-
ക്കവിത പൊഴിച്ചു മഹാജനത്തിനീഞാൻ
ചെവിരുജ തടവിച്ച പാപമാവാ-
മവിനയനാം മമ കണ്ണുരോഗഹേതു.

൧൨

കരളിനു കലുഷസ്വഭാവമേകും
പരജനദുർവ്വചനങ്ങൾ കേട്ടിടായ്വാൻ
പരമിതുപകരിക്കുമെന്നുവെച്ചോ
ഹരദയിതേ! ഹരിയാത്തതെൻഗദം നീ?

൧൩

ഗൃഹജനനി! മുദാ കിടാങ്ങൾ കൊഞ്ചും
സുഹസിതമഞ്ജിന കൊഞ്ചൽ കേൾപ്പതോളം
ഇഹ സുഖകരമെന്തു വേറെയുള്ളൂ?
വിഹതമെനിക്കതു ഹന്ത! ദൃഷ്ടതത്താൽ.

൧൪

പ്രണയികളൊടുകൂടി നർമ്മസംഭാ-
ഷണപരമോത്സവവും സമാപ്തമായ് മേ;
പ്രണവമയി! ജഗൽബ്ബഹിഷ്കൃതൻ ദുർ-
ഗ്ഗുണനിധി ഞാനിനിയെന്തിനിങ്ങിരിപ്പൂ!!

Digitized By Kerala Sahitya Akademi

൧൩

വെടിപറയുവതിന്നു കൂട്ടുകാരെ-
ജ്ഝടിതി തിരഞ്ഞുപിടിച്ചിരുന്നൊരെന്നെ
കുടിലവിധി, ജനങ്ങളോടു ചേരാൻ
മടി പെരുത്തുള്ളവനാക്കിവിട്ടിതിപ്പോൾ.

൧൪

പരിചിതർ പഥി കണ്ടുമുട്ടി മുന്നു-
ട്ടരിമയിൽ വല്ലതു മോതുവാൻ തുടന്നാൽ,
'ദുരിതമിതറിവാമിവക്കു'മെന്നോ-
ത്തെരിയുമകത്തഴലൊത്തു ലജ്ജയും മേ.

൧൫

കവികൾ മമ സഖാക്കളൊത്തുകൂടി-
ക്കവിതകൾ ചൊല്ലിയെഴും സദസ്സു പുക്കാൽ,
ചെവിയടവുടയോരെനിക്കു തള്ളി-
ക്കവിയുമഴൽക്കതിരെന്തു? കാവ്യലോലേ!

൧൬

പുലരുമളവിളങ്കളസ്വനത്താ-
ലുലകിനധീശ്വരി! ഹന്ത! നിന്മഹത്വം
പല പറവകൾ പാടിടുന്ന പാട്ടാൽ
ഫലമിനിയില്ലിവനെന്നു വന്നുവല്ലോ!!

൧൭

വനരുചി വളരും വസന്തകാല-
ത്തനഘതരസ്വരമാർന്ന കോകിലങ്ങൾ
മനതളിർ കുളിരുംപടിക്കു കൂകും
നിനദമെനിക്കിനിയോർത്തിരിക്കുമാത്രം.

Digitized By Kerala Sahitya Akademi

൨൦

ലളിതതനോ! ഭവൽകരസ്ഥമാം പൈ-
ങ്കിളിയുടെ കൂട്ടർ തെളിഞ്ഞു കൊഞ്ചിടുമ്പോൾ
ഗളിതസുകൃതനാമിവൻെറ കർണ്ണ-
ങ്ങളിലതു തൂമധു തൂകിടാതെയായി!

൨൧

ഭവസഹചരി! ഭക്തരാത്തരാഗം
ഭവദപദാനശതങ്ങൾ പാടിടുമ്പോൾ
ഇവനിനിയതു കേട്ടു മോദബാഷ്പ-
സ്രവമൊടു കോൾമയിർപ്പൂണ്ടു നില്പതെന്നോ?

൨൨

സ്ഫുടമുഷസി കരൾക്കുണർച്ച നൽകും
പടഹസമം കടലിൻെറ കോളിരമ്പം
കടലരികിൽ വസിക്കിലും ശ്രവിപ്പാൻ
തടവിവനേറെയിതു; ഹന്ത! കാലദോഷം.

൨൩

ചൊടിപെടുമസുരക്കു കാളി! നീളെ-
ത്തടിവിറ നൽകിന താവകാട്ടഹാസം
ഝടിതി കരളിലോർമ്മയാകുമാറു-
ള്ളിടിരവവും ചെവി പൂകിടാതെയായ്മേ.

൨൪

വിവിധമുലകിലുള്ള ശബ്ദമൊന്നും
ചെവിയിണതന്നിലണഞ്ഞിടായ്കയാൽ മേ.
അവിരതമലസതചമാന്നകക്കാ-
മ്പവിരളനിദ്രയിലാണ്ടപോലെയായി!

Digitized By Kerala Sahitya Akademi

൧൬

നവനവപരിതാപഹേതുവാമെൻ-
ശ്രവണവിപത്തവിടുന്നു തീർത്തിടായ്കിൽ
ശിവമഹിഷി! മനം മയങ്ങി മാഴ്ക-
ന്നിവനുടെ ജന്മമിതെത്ര പാഴിലാകും!

൧൭

ക്ലമമൊഴിവതിനൊന്നുകിൽ പ്രപഞ്ച-
ഭ്രമമിതു തീർത്തുതരേണ,മല്ലയെങ്കിൽ
മമ ചെവിരുജ മാററുവാൻ ഭിഷക്സ-
ത്തമദയിതേ! ദയചെയ്യണം ക്ഷണം നീ.

൧൮

ജവമൊടു വിജയപ്രഭാവമേകും
തവ പദസേവനമാചരിച്ചൊടുക്കം
ശിവശിവ! ഹതകർണ്ണനാകിലും, ഞാൻ
ഭവഭവനേശി! ത്രിലോമപാർത്ഥനായി.

൧൯

*ഇവനറിയരുതംബ! മേലിലെന്നോ
തവ കണവൻെറ കചങ്ങൾതൻ ഗുണത്തെ?
അവയൊടു ചിലവേള ചേർച്ചകോലും
ഭവദരുണാംഘ്രി ഭജിച്ചതിങ്ങിതിന്നോ?

൨൦

പലപൊഴുതുമുമേ! ഗുണോത്തരശ്രീ
വിലസിന നിൻപദമോടിണങ്ങിയാലും
അലമപഗുണമായിതോ ഹരൻതൻ-
തലമുടിയെന്നിവനോർത്തുപോം ചിലപ്പോൾ

---

൧൯ * ശിവൻ വ്യോമകേശനെന്നും, ആകാശം ശബ്ദഗുണകമെന്നും പ്രസിദ്ധം. ചില വേള = പ്രണയകലഹസമയങ്ങളിൽ.

Digitized By Kerala Sahitya Akademi

൧൦
നിരവധിത, വിഭുതയെന്നിവററിൽ-
പ്പരമചിദാത്മകയായ നിൻെറ സാമ്യം
ചിരമുടയ നഭസ്സു നിൻകിടങ്ങി-
ത്തരമൊരു നിർഗ്ഗുണമട്ടമാണിരിക്കാം.

൧൧
അനവധി ഗുണമാന്നി വാനിനേകീ
തന്നതരമാം തവ മധ്യമെന്നു പണ്ടേ
അനുപമകവിവര്യരാകെ കേൾപ്പു-
ണ്ടനുഭവസിദ്ധമെനിക്കതിപ്പൊഴാട്ടെ!

൧൨
ഭവദനഘചരിത്രഗാനമാർന്നാ-
രിവനൊര'പശ്രുതി'യെന്ന കേട്ടു പററി;
ധ്രുവമുടനവതാളവും പിണഞ്ഞു;
തവ മതമിപ്പടിയോ? നടേശജായേ!

൧൩
ദുരുപശമഗദാർത്തനാമെനിക്കു-
ള്ളരുതരസങ്കടമാരൊടോതിടേണ്ടു?
വിരുതെഴുമചിട്ടനൊഴിഞ്ഞിവന്നി-
ല്ലൊരു പരദേവത; പാഹി പാഹി നാഥേ!

൧൪
ഉലകിതു സുഖദുഃഖമിശ്രമെന്നായ്-
പ്പലരുമുരപ്പതസത്യ,മല്ലയെങ്കിൽ
ചില സുഖശകലങ്ങൾ വല്ലപോതും
കലരുവതിന്നവകാശമില്ലയോ മേ?



Digitized By Kerala Sahitya Akademi

൩൫

ഹരിമുതലൊരുപേൻവരെക്കുമുള്ളോ-
ർക്കരിയ സുഖം വിഭജിച്ചു നൽകിടുമ്പോൾ
ദുരിതഭരിതനാമിവന്റെ കാര്യം
ഗിരിശകുടുംബിനി! നീ മറന്നിരിക്കാം.

൩൬

പെരുവഴി പിഴയാത്ത ലോകയാത്ര-
യ്ക്കൊരുവിധവും വിരുതില്ലെനിക്കു പണ്ടേ;
കരു പുനരപി ക്ഷുന്നിലാന്ന ചൻപോ-
ലൊരു ചെവിപൊട്ടനുമായി ഞാനിദാനീം.

൩൭

തരമടിയനു ലൌകികത്തൊഴിൽക്കെൻ
പരമശിവേ! കുറവായി വന്നുവല്ലോ;
ചിരമിനി വിജനത്തിൽ വാണു നിൻതൃ-
ച്ചരണനിഷേവണമൊന്നുതന്നെ പോരും.

൩൮

വിലപിതമിദമെന്തിനി? ഞ്ഞനർത്ഥം
പലതിനിയും വരുമെങ്കിൽ വന്നിടട്ടേ;
അലംഘ്യസുഖകരം മഹേശി! നിങ്കാ-
ലലരിവനപ്പൊഴുതേറെയോർക്കുമല്ലോ.

൩൯

കദനമഖിലവും കളഞ്ഞിടും ത്വ-
ത്പദഭജനത്തിനിതാസ്ഥ നൽകുമെങ്കിൽ,
ഗദഹരർ പായുംവിധം ശിവേ! മൽ-
ഗദമിതു പാവനമെന്നു താനറസ്സാം.

Digitized By Kerala Sahitya Akademi

൪൦

സ്വയമഥ ചെവിപോലെ മററു നാലി-
ന്ദ്രിയവുമിവന്നു വിനഷ്ടമാകിലാട്ടെ;
ഭയശമകരി! ചിത്തമങ്ങയിൽത്താൻ
നിയതമുറച്ചുണ്ണ,മെങ്കിൽ ഞാൻ കൃതാൎത്ഥൻ.

൪൧

പുരമഥനപുരന്ധ്രി! പുണ്യലക്ഷ്മീ-
പുരടമണിപ്പുരയായ്,പ്പുരാണമായി,
പരസുഖമയമായ നിൻസ്വരൂപം
കരളിലിരിപ്പവനല്ലലെന്തു പിന്നെ ?

൪൨

ഇവനുടലിതു നിത്യമെന്നുറച്ചീ-
ശ്രവണഗതക്ഷതി നേടിടുന്നു കഷ്ടം
ഭവതി കനിയുകിൽശ്ശമിക്കുമല്ലോ
ഭവദയിതേ! ഭവമൃത്യുബാധപോലും.

൪൩

വിരവിലിവനെ നീ മൃഡാനി! വീണ്ടും
നരകനടുക്കുഴിയിങ്കൽ വീഴ്ത്തിയാലും,
സുരവരപുരിയിൽക്കരേററിയാലും
ചരണയുഗം തവ കൈവിടാ ദൃഢം ഞാൻ.

൪൪

മലർശരജയവൈജയന്തി! മഞ്ഞി-
ന്മലയുടെ മഞ്ജുളമംഗളക്കുരുന്നേ!
മലയജമഥനിയമന്ദഹാസാ-
മലവദനേ! ജയ മാമറക്കൊഴുന്നേ!

Digitized By Kerala Sahitya Akademi

൪൫

ചലദ്ദരസിജഭാരതാരഹാരേ!
തിലകരുചിദചിഹ്നണാനനാംശുവൃരേ!
ജല്ജശരഖിരോധിഭാഗ്യധാരേ!
വിലസുക മേ ഹൃദി വിശചവൃക്ഷവേരേ!

൪൬

തിലവിതതിയിലെണ്ണയെന്നതിന്മ-
ട്ടുലകിതിലൊക്കെയുമുള്ളിലും പുറത്തും
വിലസുകിലുമസംശയായ നിന്നെ-
പ്പലവഴിയായ്ത്തിരയുന്നു പണ്ഡിതന്മാർ.

൪൭

അരനിമിഷമഖണ്ഡശക്തിയാം നിൻ
വിരഹമതേൽക്കുകിലപ്പൊഴിപ്രപഞ്ചം
പരവശമൊരു ചേഷ്ടയും പെടാതെ
ഹര! ഹര! ചിത്രഗതാഭമാകുമല്ലോ.

൪൮

കുലശിഖരികുമാരികേ! നിനക്കീ-
യുലകു കളിപ്പുരതന്നെയാണശേഷം;
പലപൊഴുതിതു തീർത്തു, കാത്തൊടുക്കം
വിലയമണച്ചു രസിച്ചിടുന്നു നീതാൻ.

൪൯

അധുനതയണയുന്നു വൻപണക്കാ-
ർക്കധമനൊരുത്തമനായ്ച്ചമഞ്ഞിടുന്നു;
വിധമഖിലമനുക്ഷണം പകർന്നീ-
വിധമിഹ കാണ്മതുമംബ! നിൻപ്രയോഗം.

Digitized By Kerala Sahitya Akademi

൫൦

അഹിതപരനനാമയാഢ്യനായും,
വിഹിതഹിതൻ വിവിധാത്ഥിപാത്രമായും,
മഹിയിൽ മരുവിടുന്നു; ഹാ! ശിവേ! നിൻ
മഹിതതരം മഹിമായമാരറിഞ്ഞു?

൫൧

അലഘുതരവിലാസശീലയാം നീ
സുലളിതരൂപിണി! നന്ദഗോപകന്യേ!
നലമൊടു ഭവമായ പമ്പരത്തെ-
പ്പലവിധമിട്ടു തിരിച്ചിടുന്നു നിത്യം.

൫൨

ബത! ബഹുവിധകമ്മബദ്ധരായ-
ച്യുതഗിരിശാദികളും പ്രപഞ്ചദുഃഖം
സതതമനുഭവിച്ചിടുന്നു; പിന്നീ-
ടിതരശരീരികളെന്തു ഹന്ത! നാഥേ!

൫൩

അഗദത വരുവാനു, മാത്മബോധം
വിഗളിതവിഭ്രമമുത്ഭവിക്കുവാനും,
നിഗമശതനിലീനയായ നിങ്കൽ-
ബ്ഭഗവതി! ഭക്തിഭരം ഭവിക്കണം മേ.

൫൪

നവനിധിപതിയാം കുബേരനും; അ
കവനവിദഗ്ദ്ധത മൂകനും കിടക്കും;
ഭവതിയിലൊരു ഭക്തിലേശമന്നാ-
ലവനഖിലേഷ്ടവുമംബികേ! കരസ്ഥം.

Digitized By Kerala Sahitya Akademi

൩൮

ജ്ജടരൊട്ടമൊരു ഭിക്ഷുപോലവേ പ-
ണ്ടടവികൾ ചുററിന രാമ,നാദിമായേ!
കടലിനു ചിറയിട്ടു ചെന്നു വൈരി
പ്പടകളെ വെന്നതു നിൻപ്രസാദലേശം

൩൯

നിരവധിമദമത്സരാദിയാദോ-
നിരകൾ നിറഞ്ഞ ഭവാബ്ധിയെക്കടപ്പാൻ
നിരയഭയനിഹന്ത്രി! യാനപാത്രം
നിരഘഭവൽപ്പദഭക്തിമാത്രമത്രേ.

൪൦

ഭയഭരകരബന്ധമാം ഭവാഖ്യ-
ക്കയറിനു വാൾ ഭവദംഘ്രിഭക്തിയല്ലോ;
ഉയരെ വിലസിടുന്ന മുക്തിസൌധം
കയറുവതിന്നിതുതന്നെ തക്ക കോണി.

൪൧

നിരവധികസുഖൈകഹേതുവാകും
സ്ഥിരതരഭക്തിവിശേഷമാക്ക നിന്നിൽ;
ഹരസഹചരി! നാകലോകവും, ദു-
ന്നരകവുമാനരമൂല്യമൊന്നുപോലെ.

൪൨

മമ ജനനി! മനത്തടത്തിൽ നട്ടോ-
രമലഭവൽപ്പദഭക്തികല്പവല്ലി
സുമധുരഫലമേന്തുമാറപാരം
ക്ലമമിഹ തൂകുക സൽക്കൃപാമൃതം നീ.

Digitized By Kerala Sahitya Akademi

൩൦

അഖിലശുഭദയാം വിരക്തിയാകും
സഖി പരിചര്യകൾ ചെയ്യതോറജസ്രം.
സുഖിതയൊടിഹ ഭക്തിയായ പൊയ്ത്താർ-
മുഖിയൊടുമൊത്തു രമിപ്പനംബികേ! ഞാൻ.

൩൧

കർമ്മജ്ഞാനസമാഖ്യയോഗയുഗള-
　　ത്തേക്കാളുമായാസമായ്-
ശ്ശർമ്മം ചെപ്പു ഭക്തിയോഗവിധിയാ-
　　ണെന്നാണു വിദ്വജ്ജനം
മർമ്മംകണ്ടുരചെയ്യതൊട്ടലിവൊടെൻ-
　　വിശേശി! നിശ്ശേഷദു-
ഷ്ക്കർമ്മക്കാടിനൊരഗ്നിയാമതടിയ-
　　ന്നായത്തമാക്കേണമേ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi